**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3278 | 14.03.2018 ൽ മറുപടിക്ക്

## സമഗ്ര ആരോഗ്യനയം

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സമഗ്ര ആരോഗ്യനയം രൂപീകരിച്ചിട്ടുണ്ടോ;എങ്കിൽ എന്തെല്ലാം മാറ്റങ്ങളാണ് ആരോഗ്യനയത്തിൽ വരുത്തിയിട്ടുള്ളത്; വിശദമാക്കുമോ; | (എ) | 22.02.2018 ലെ സ.ഉ.(കൈ) 32/2018/ആ.ക.വ. പ്രകാരം കരട് ആരോഗ്യ നയം അംഗീകരിച്ചിട്ടുണ്ട്. കേരളത്തിലെ ആരോഗ്യ മേഖല നേരിടുന്ന വെല്ലുവിളികൾ തരണം ചെയ്യാനായി തുല്യത, സാമൂഹിക നീതി, ലിംഗനീതി, ഗുണനിലവാരം മെച്ചപ്പെടുത്തൽ, ചെലവു കുറഞ്ഞ പ്രതിവിധികൾ, ഉചിതമായ മനുഷ്യ വിഭവശേഷി വികസനം, ജീവിത ശൈലിയിൽ ആവശ്യമായ മാറ്റം വരുത്തൽ, സേവനങ്ങളുടെയും മനുഷ്യവിഭവശേഷിയുടെയും മുൻഗണനാ ക്രമത്തിലുള്ള വിന്യാസം, ആവശ്യമായ മാനവ വിഭവശേഷി കണ്ടെത്തൽ എന്നിവയിൽ ഊന്നൽ നൽകണമെന്നും ജനസംഖ്യയുടെയും ആരോഗ്യ ആവശ്യങ്ങൾ നിറവേറ്റത്തക്കരീതിയിൽ ആരോഗ്യ രംഗത്ത് സമഗ്ര ഇടപെടൽ നടത്തുകയും അതോടൊപ്പം രോഗാതുരതയും മരണ നിരക്കും കുറയ്ക്കുന്നതിനും നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് കരട് ആരോഗ്യ നയം തയ്യാറാക്കിയിട്ടുള്ളത്. |
| (ബി) | അനുദിനം വർദ്ധിച്ചുവരുന്ന ചികിത്സ ചെലവ് നേരിടുന്നതിന് എന്തെല്ലാം പരിഷ്കാരങ്ങളാണ് ആരോഗ്യനയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;വിശദമാക്കുമോ; | (ബി) | 1. പകർച്ചവ്യാധികളുടെ നിയന്ത്രണം<br>2. പ്രാഥമികതലത്തിൽ തന്നെ ജീവിതശൈലീ രോഗങ്ങളുടെ നിയന്ത്രണം.<br>3. കാര്യക്ഷമമായ ആരോഗ്യ പരിപാലന സംവിധാനങ്ങൾ.<br>4. പ്രാഥമിക ചികിത്സാ സ്ഥാപനങ്ങളുടെ എണ്ണവും നിലവാരവും വർദ്ധിപ്പിക്കൽ.<br>5. ദ്വിതീയ തലത്തിൽ |

| | | | |
|---|---|---|---|
| | | | രോഗസങ്കീർണതകളുടെ നിയന്ത്രണം.<br>**6.** ദ്വിതീയ തൃതീയ തല ചികിത്സാ സൗകര്യങ്ങളുടെ ആധുനികവത്കരണം<br>**7.** തൃതിയ റഫറൽ സമ്പ്രദായം നടപ്പാക്കൽ<br>**8.** ചികിത്സാ രംഗത്ത് ആവശ്യമായ നിയന്ത്രണ സംവിധാനം ഏർപ്പെടുത്തൽ. |
| (സി) | ക്യാൻസർ ഉൾപ്പെടെയുള്ള രോഗങ്ങളുടെ ചികിത്സ ചെലവ് നിയന്ത്രിക്കുന്നതിന് ആശുപത്രികളുമായി സഹകരിച്ച് എന്തെങ്കിലും ചികിത്സ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ;വിശദാംശം ലഭ്യമാക്കുമോ? | (സി) | റീജിയണൽ ക്യാൻസർ സെന്റർ, കൊച്ചിൻ കാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ എന്നിവ റീജിയണൽ ക്യാൻസർ ചികിത്സാ കേന്ദ്രങ്ങളായി ആധുനിക സൗകര്യങ്ങളോടെ വികസിപ്പിച്ചെടുക്കുന്നതിനും കാൻസർ ചികിത്സാ സൗകര്യമില്ലാത്ത മെഡിക്കൽ കോളേജുള്ള ജില്ലകളിൽ അടിസ്ഥാന റേഡിയേഷൻ ചികിത്സയ്ക്കും കീമോതെറാപ്പിക്കുമുള്ള സൗകര്യം എല്ലാ ജില്ലാ ആശുപത്രികളിലും ലഭ്യമാക്കുന്നതിനും പ്രാദേശിക, സംസ്ഥാന കാൻസർ ചികിത്സാ കേന്ദ്രങ്ങളിലും സർക്കാർ ആശുപത്രികളിലെ കാൻസർ വകുപ്പുകളിലും പൂർണ്ണമായും സജ്ജമായ മെഡിക്കൽ സർജിക്കൽ, റേഡിയേഷൻ ഓങ്കോളജി വകുപ്പുകളും ആധുനിക രോഗ നിർണ്ണയ സൗകര്യങ്ങളും ലഭ്യമാക്കുന്നതിനും കരട് ആരോഗ്യ നയത്തിൽ നിർദ്ദേശങ്ങളുണ്ട്. |

സെക്ഷൻ ഓഫീസർ